**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 410** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലാക്കാനുള്ള നടപടി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. കെ. നവാസ്

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായ - വിവരസാങ്കേതികവിദ്യ വകുപ്പ് മന്ത്രി)

**(എ)** വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഏതെല്ലാമെന്നും ഇവയിൽ നിലവിൽ ലാഭത്തിൽ പ്രവർത്തിക്കുന്നവയും നഷ്ടത്തിൽ പ്രവർത്തിക്കുന്നവയും ഏതെല്ലാമെന്നും തരം തിരിച്ച് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(ബി)** നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളെ ആദായകരമാക്കി സ്വയം പര്യാപ്തത കൈവരിക്കുവാൻ എന്തൊക്കെ നടപടികളാണ് സമയബന്ധിതമായി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

**<u>മറുപടി:</u>** ഓരോ പൊതുമേഖലാ സ്ഥാപനത്തിന്റെയും പ്രവർത്തനം പ്രത്യേകം അവലോകനം ചെയ്ത്, അവയുടെ പ്രവർത്തന സ്വഭാവം വിലയിരുത്തി, സ്ഥാപനങ്ങൾ ആധുനികവത്ക്കരിക്കുന്നതിനും, പുനരുദ്ധരിക്കുന്നതിനും നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലാഭകരമാക്കുന്നതിനുമുള്ള നടപടികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു. വിഷൻ 2031-ന്റെ അടിസ്ഥാനത്തിലുള്ള കേരളത്തിന്റെ പരിസ്ഥിതിയ്ക്ക് അനുയോജ്യമായ ആധുനികവത്ക്കരണ വൈവിധ്യവത്ക്കരണ പദ്ധതികൾക്കായിരിക്കും പ്രാമുഖ്യം നൽകുക. ഇതിന്റെ അടിസ്ഥാനത്തിൽ അടുത്ത 100 ദിവസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്.

നൂതന സാങ്കേതിക വിദ്യകളും സംവിധാനങ്ങളും സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾക്കുള്ള സഹായത്തിനു പുറമേ അത്യാവശ്യ പ്രവർത്തന മൂലധന സഹായവും സ്റ്റാറ്റ്യൂട്ടറി കുടിശ്ശികകൾ തീർപ്പാക്കുന്നതിനുള്ള ധനസഹായവും നൽകുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. സ്ഥാപനങ്ങളുടെ അറ്റമൂല്യം (Networth) മെച്ചപ്പെടുത്തി, സർക്കാരിന്റെ പ്ലാൻ പദ്ധതികൾക്ക് പുറമെ ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ എന്നിവയിൽ നിന്ന് ധനം ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും.

കെൽട്രോൺ, സ്റ്റീൽ ആന്റ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് മുതലായ സ്ഥാപനങ്ങളിൽ പ്രതിരോധ മേഖലയുമായി ബന്ധപ്പെട്ട സാങ്കേതിക സംരംഭങ്ങൾ ആരംഭിക്കുന്നതിനും നിർമ്മാണ സൗകര്യങ്ങൾ ആധുനികവത്ക്കരിക്കുന്നതിനുമുള്ള സഹായങ്ങൾ നൽകും. കേരള മിനറൽസ് ആന്റ്

മെറ്റൽസ് ലിമിറ്റഡ് (കെ എം എം എൽ), ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് (ടി ടി പി എൽ) എന്നീ സ്ഥാപനങ്ങളുടെ സാങ്കേതിക സഹായത്തോടെ ഇൽമനൈറ്റ്, മോണോസൈറ്റ് ഉൾപ്പെടെയുള്ള ധാതു വിഭവങ്ങളുടെ ശാസ്ത്രീയവും മൂല്യവർദ്ധിതവുമായ വിനിയോഗത്തിനായി അപൂർവ്വ ഭൗമ ധാതു വ്യവസായ മിഷൻ പദ്ധതിയുടെ ഭാഗമായി നൂതന സംവിധാനങ്ങൾ നടപ്പിലാക്കും.

മലബാർ സിമന്റ്സ് ലിമിറ്റഡ് ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്ക് തടസ്സമില്ലാതെ ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

ടെക്സ്റ്റൈൽ മേഖലയുടെ വികസനത്തിന്റെ ഭാഗമായി നടപ്പാക്കിയ ഏകീകൃത സംവിധാനത്തിലൂടെ ഗുണമേന്മയുള്ള പരുത്തി വാങ്ങി നൽകുന്നതിനായി രൂപീകരിച്ച കോട്ടൺ ബോർഡ്, സ്പിന്നിംഗ് മില്ലുകളുടെ ഉത്പന്നങ്ങൾക്ക് വിപണന വ്യാപ്തിയും ലാഭക്ഷമതയും ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ആരംഭിച്ച 'ഓൺലൈൻ സെയിൽസ് പ്ലാറ്റ്ഫോം' എന്നിവയുടെ പ്രവർത്തനം കൂടുതൽ ഊർജ്ജിതമാക്കി ടെക്സ്റ്റൈൽ മേഖലയുടെ കാര്യക്ഷമതയും സുസ്ഥിരതയും ഉറപ്പുവരുത്തി സ്ഥാപനങ്ങളുടെ മികച്ച പ്രവർത്തനം ഉറപ്പുവരുത്തും.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി നിർമ്മിത ബുദ്ധിയുടെ സഹായത്തോടെയുള്ള e-commerce സംവിധാനങ്ങൾ ഏർപ്പെടുത്തുന്നത് പരിശോധിക്കും. ഇതിനായി നിലവിൽ ഉൽപ്പന്നങ്ങളുടെ ഇ-കൊമേഴ്സ് വിപണനത്തിനായി കെൽട്രോൺ മുഖേന നടപ്പിലാക്കിയ k-shoppe പോലുള്ള കേന്ദ്രീകൃത ഇ-കൊമേഴ്സ് മാർക്കറ്റിംഗ് സംവിധാനം നൂതനമാക്കും. ഈ വിപണന സംവിധാനം ഇന്ത്യയ്ക്ക് പുറത്തേയ്ക്കും വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. വിഭവശേഷിയുടെ ഉയർന്ന വിനിയോഗം, ഉല്പാദന ചെലവുകളുടെ നിയന്ത്രണം, ഇന്ത്യക്ക് അകത്തും പുറത്തും വിപണി വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിലൂടെ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സാധിക്കുന്നതാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലം വിവിധ വ്യവസായ വികസന പദ്ധതികൾക്കായി PPP മാതൃകയിൽ ഉപയോഗിക്കുന്നതിനുള്ള സാധ്യതകൾ സർക്കാർ പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്ഥാപനങ്ങളുടെ 2026-27 സാമ്പത്തിക വർഷത്തെ പ്രവർത്തനത്തിനായി കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കുന്നതിനു സമാനമായ MoU വും ബിസിനസ്സ് പ്ലാനും തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നതിന്റെ പുരോഗതി മാസം തോറും അവലോകനം ചെയ്യുന്നതിനായി ഇന്റർനെറ്റ് അധിഷ്ഠിത മോണിറ്ററിംഗ് സംവിധാനം സജ്ജമാണ്. മാസം തോറുമുള്ള പ്രവർത്തന അവലോകനത്തെ അടിസ്ഥാനമാക്കി ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

സ്ഥാപനങ്ങളുടെ വിവിധ ഇടപാടുകളിൽ കാര്യക്ഷമതയും സുതാര്യതയും ഉറപ്പ് വരുത്തുന്നതിനായി ERP മുതലായ ഇ-ഗവേണൻസ് സംവിധാനങ്ങൾ ഇല്ലാത്ത സ്ഥാപനങ്ങളിൽ ഇവ നടപ്പിലാക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കും. കൂടാതെ സ്ഥാപനങ്ങളുടെ ഇടപാടുകളിൽ സുതാര്യത ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായുള്ള പരിശോധനയുടെ ഭാഗമായുള്ള ഇന്റേണൽ ആഡിറ്റ് സംവിധാനത്തിന്റെയും സ്റ്റാറ്റ്യൂട്ടറി ആഡിറ്റ് സംവിധാനത്തിന്റെയും പുരോഗതി പ്രത്യേക അവലോകനത്തിന് ബോർഡ് ഫോർ പബ്ലിക് സെക്ടർ ട്രാൻസ്ഫർമേഷൻ മുഖേന വിധേയമാക്കി, ആഡിറ്റ് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തും. മേൽ വിവരിച്ച നടപടികളിലൂടെ കൂടുതൽ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തി പൊതുമേഖലാ സ്ഥാപനങ്ങളെ മത്സരക്ഷമമാക്കി ലാഭത്തിലാക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊള്ളുന്നതാണ്.

**സെക്ഷൻ ഓഫീസർ**

**അനുബന്ധം**

## വ്യവസായ വകുപ്പിന്റെ അധീനതയിൽ ലാഭം/നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ

| | **ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ** |
|---|---|
| 1 | ദി കേരള മിനറൽസ് ആന്റ് മെറ്റൽസ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 4 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 5 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 6 | ട്രാൻസ്ഫോർമേഴ്സ് & ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 7 | കെൽട്രോൺ കംമ്പോണന്റ് കോംപ്ലക്സ് ലിമിറ്റഡ് |
| 8 | കേരള ഇലക്ട്രിക്കൽ ആന്റ് അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് |
| 9 | സ്റ്റീൽ ആന്റ് ഇന്റഡസ്ട്രീയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 10 | കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് |
| 11 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 12 | കെ.സി.സി.പി ലിമിറ്റഡ് |
| 13 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 14 | ആലപ്പി കോ ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 15 | ദി പ്രിയദർശിനി കോ-ഓപ്പറേറ്റീവ് സ്പിന്നീംഗ് മിൽസ് ലിമിറ്റഡ് |
| 16 | കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് |
| 17 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ ലിമിറ്റഡ് |
| 18 | കേരള ആർട്ടിസൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 19 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |
| 20 | കേരള സ്മാൾ ഇൻഡസ്ട്രീസ് ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 21 | ദി മലപ്പുറം കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 22 | കെൽ-ഇ.എം.എൽ |
| 23 | കെ. കരുണാകരൻ മെമ്മോറിയൽ കോ-ഓപ്പറേറ്റീവ് സ്പിന്നീംഗ് മീൽസ് |
| 24 | ദി കണ്ണന്നൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 25 | ദി കിലോൺ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |

| | |
|---|---|
| 26 | ട്രിവാൻഡ്രം സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 27 | ദി മെറ്റൽസ് ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 28 | കേരള കാഷ്യൂ ബോർഡ് |
| 29 | ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് |
| 30 | കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനി ലിമിറ്റഡ് |

**നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ**

| | |
|---|---|
| 31 | സീതാറാം ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 32 | കെൽപാം |
| 33 | കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ ലിമിറ്റഡ് |
| 34 | മലബാർ കോ ഓപ്പറേറ്റീവ് ടെക്സ്റ്റൈൽസ് ലിമിറ്റഡ് |
| 35 | യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസ് ലിമിറ്റഡ് |
| 36 | ഹാൻഡിക്രാഫ്റ്റ്സ് ഡവലപ്മെന്റ് കോർപ്പറേഷൻ (കേരള)ലിമിറ്റഡ് |
| 37 | ദി കേരള സിറാമിക്സ് ലിമിറ്റഡ് |
| 38 | കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് |
| 39 | കേരള സ്റ്റേറ്റ് മിനറൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 40 | കേരള സ്റ്റേറ്റ് ഹാൻഡ് ലൂം വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് |
| 41 | കേരള സ്റ്റേറ്റ് ഹാൻലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 42 | ദി ട്രാവൻകൂർ സിമന്റ്സ് ലിമിറ്റഡ് |
| 43 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 44 | ആട്ടോകാസ്റ്റ് ലിമിറ്റഡ് |
| 45 | ട്രാക്കോ കേബിൾ കമ്പനി ലിമിറ്റഡ് |
| 46 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 47 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 48 | ദി തൃശ്ശൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിംഗ് മിൽസ് ലിമിറ്റഡ് |
| 49 | സെയിൽ –എസ്.സി.എൽ കേരള ലിമിറ്റഡ് (CIRP നേരിടുന്നു) |
| 50 | കാപെക്സ് |
| 51 | കേരള സ്റ്റേറ്റ് കാഷ്യൂ ഡവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 52 | കയർ ഫെഡ് |
| 53 | കേരള റബ്ബർ ലിമിറ്റഡ് |

| | |
|---|---|
| | **സ്റ്റാറ്റ്യൂട്ടറി ബോഡി** |
| 54 | കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റ് കോർപ്പറേഷൻ |
| 55 | കേരള ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡ് |
| 56 | ടെക്സ് ഫെഡ് |

സെക്ഷൻ ഓഫീസർ